കഥ

# ദൈവത്തിൻെറ സ്വന്തം നാട്

ജോൺ

ഇളമത

വല്ല്യവല്ല്യമ്മ, ഏലിയാ വല്ല്യമ്മ, മരിച്ചപ്പം, കാനഡയിൽ നിന്ന് നാടു വരെ ഒന്നു പോയി.നൂറ്റൊന്നു കഴിഞ്ഞ് സകല പൂർണ്ണ ചന്ദ്രന്മാരെയും കണ്ട്,പതിമൂന്ന് മക്കളും,അതിൽ ആണാറ്,പെണ്ണേഴ്,അതിൽ പ്രായപൂർത്തി എത്തും മമ്പ് ഇഹലോകവാസം വെടിഞ്ഞവർ ആറ്,ബാക്കി ഏഴ്,പെണ്ണ നാല്,ആണ് മൂന്ന്,അതിൽ പേരക്കിടാങ്ങൾ പതിനേഴ്.ഇവരെയെല്ലാം കണ്ടും,കേട്ടും ,പരിചരിച്ചും ശാസിച്ചും ശിക്ഷിച്ചും മര്യാദ പഠിപ്പിച്ചതിനു ശേഷമാണ് വല്ല്യവല്ല്യമ്മ നാടുനീങ്ങി പോയത്.ഇതിൽ ഏറ്റവും മൂത്ത മകൻെറ,ഏറ്റവും ഇളയവനായ ഞാൻ രക്ഷപെട്ടത് വിദ്യഭ്യാസം കൊണ്ട് മാത്രം.ബാക്കി ചിറ്റപ്പമ്മാരുംചേട്ടമാരും അവരടെ മക്കളും പെൺമക്കളൊഴികെ സകലമാന പേരും അല്പ വിദ്യാഭ്യാസത്തിനു ശേഷം വീട്ടിലെ തോട്ടത്തിൽ റബറു വെട്ടിയുംഷീറ്റടിച്ചും,പൊകപ്പൊരക്കു വേണ്ട വെറകു വെട്ടിക്കീറയും ജീവിതം ക്ലേശിച്ചു.മരുമക്കളായ ഭാര്യമാർ രാവുപകലാക്കി ജോലി ചെയ്തു.കപ്പ വെട്ടിയരിഞ്ഞ്, ചക്ക വെട്ടിയരിഞ്ഞ്, പുഴുക്കുണ്ടാക്കി ഇവയെല്ലാം വെച്ചു വെളുമ്പി പണിക്കാരെ തൃപ്തിപ്പെടുത്തി,അതു കഴിഞ്ഞ് തളർച്ച വകവെക്കാതെ രാത്രിയുടെ അന്ത്യയാമങ്ങളിൽ ഭർത്താക്കന്മാരെ പ്രീതിപ്പെടുത്തി.അതും പോരാഞ്ഞ് വല്ല്യമ്മേ ദീനത്തിലും ദണ്ഡത്തിലും പരിചരിച്ചു.

വാളികയും കുണുക്കും ധരിച്ച വല്ല്യമ്മ മൊലക്കച്ചയാണ് ചുറ്റിയിരുന്നത്.പതിനഞ്ചാമത്തെ വയസ്സിൽ,വയസ്സറിയിച്ച്,വല്ല്യപ്പച്ചൻെറ കയ്യേ പിടിച്ച് വീട്ടിക്കേറിയതാ.അതു കഴിഞ്ഞ് ഒന്നു രണ്ടു പെറ്റേനു ശേഷം വല്ല്യപ്പച്ചനൊപ്പം മുറുക്കു തുടങ്ങി,കോളാമ്പീൽ തുപ്പാൻ തൊടങ്ങി,രാത്രി ഒറക്കം കിട്ടാൻ ലേശം കഞ്ചാവ് ലേഹ്യം ആസ്വദിക്കാനും തുടങ്ങി.പിന്നീട് കൊട്ടംചുക്കാതി എണ്ണയും,പിണ്ഡതൈലം കൊഴമ്പും തേച്ച്,നാല്പ്പാമരമിട്ട് തിളപ്പിച്ച്,ചെറു ചൂടാക്കിയ വെള്ളത്തിൽ ആഴ്ച്ചേ മൂന്നു കുളി.കുളിക്ക് ഇഞ്ച മൂന്നൂ തരം,തോലിഞ്ച,നാരിഞ്ച,പട്ടിഞ്ച!ഇത് എവിടൊക്കെ തേച്ചു കുളിക്കാനെന്ന അറിവ് വല്ല്യ വല്ല്യമ്മക്കു മാത്രം സ്വന്തം!ഇവയൊക്കെ എത്ര ജോലിതിരക്കെങ്കിലും,മരുമക്കൾ തരപ്പെടുത്തണം,അതും കിറുകൃത്യം.അല്ലങ്കിൽ അമ്മായിഅമ്മപ്പോരെന്നു പറഞ്ഞാൽ പോരാ,അതിലപ്പറം.പെണ്ണുങ്ങടെ തന്തക്കും,തള്ളക്കും,അവരടെ സർവ്വ കൂട്ടർക്കും ,തെറിയുടെ പൂരപ്പാട്ട്!

ഓ,ഇത്ര കടുകട്ടി പരിചരണത്തി കഴിഞ്ഞോണ്ടതാകാം വല്ല്യവല്ല്യമ്മേടെ ആയുർദൈഘ്യരഹസ്യം.എന്നാൽ അവസ്സാന കാലത്തൊരു പിടി പിടി പിടച്ചു.ഒന്നേകാൽ മാസം, പൊറം പൊളിഞ്ഞു കയറ്റു കട്ടിലേ കെടന്നു.എന്താ,പൊറം പൊളിഞ്ഞേ,ഒള്ള കഞ്ചാവു ലേഹ്യമൊക്കെ കഴിച്ച്,വല്ല്യമ്മേടെ ബോധോം പൊക്കണോമൊക്കെ പോയി.അപ്പോ മരുമക്കള് പൊറം പൊട്ടാതെ കെളവിയെ തിരിച്ചും മറിച്ചും കെടത്തിയില്ല,പകരം അവരു ശപിച്ചു:'ചാകുകേമില്ല,കട്ടിലൊഴിയുകേമില്ല.ഒടുവിൽ എലിയാ പ്രവാചകനെ പ്രാർത്ഥിച്ചു കിടന്ന വല്ല്യമ്മ ഒരു രാത്രി വിളിച്ചു കൂവി:'വന്നേ സ്വർഗ്ഗത്തീന്ന് വെള്ളകുതിരകളെ കെട്ടിയ അഗ്നി തേര്,എന്നെ കൊണ്ടു പോവാൻ, ഏലിയാ പ്രവാചകൻ വന്നേ'!മക്കളും മരുമക്കളും കൊച്ചുമക്കളും ഓടിക്കൂടി.വല്ല്യവല്ല്യമ്മ വെട്ടിവിയർക്കുന്നു,ഭീതി പൂണ്ട ചുവന്ന കണ്ണുകൾ മുകളിക്കും താഴേക്കും കറങ്ങുന്നു.വല്ല്യവല്ല്യമ്മ മരിച്ചിട്ടില്ല,എല്ലാവരും ഒരേ നിഗമനത്തിലെത്തി!'കഞ്ചാവ് ലേഹ്യം ഡോസു കൂട്ടി കഴിച്ചതാകാമെന്ന്.

പിറ്റേന്ന് പ്രഭാതം,വല്ല്യവല്ല്യമ്മ ഉണർന്നില്ല്!.മുറ്റത്തു മഴവെള്ളത്തിൽ കാക്ക കുളിക്കുന്നതു കണ്ട് വല്ല്യമ്മ മരിച്ചെന്ന് ഏവരും നിരുവിച്ചു..ഒടുവിൽ മൂത്ത മരുമോൾ അതായത് എൻെറ അമ്മ അതു കണ്ടുപിടിച്ചു.വല്ല്യമ്മ ചത്തിട്ടില്ല,കൈയ്യുടെ നാഢീഞരമ്പേ നേരിയ സ്പന്ദനമുണ്ടെന്ന്.പെട്ടന്ന് കാളകെട്ടീന്ന് അവരാച്ചൻ ഡോക്ടറെ വരുത്തി.ഡോകർ തെതസ്ക്കോപ്പ് തലങ്ങനയും,വിലങ്ങനയും വച്ച് പരിശോധിച്ചു.പൊതപ്പു പൊക്കി വയറേലെ ശ്വാസമിടുപ്പു നിരീക്ഷിച്ചു..ഹൃദയ ഭാഗങ്ങളിൽ കൊട്ടി നോക്കി,കാരോട്ടിട് പൾസ് സ്പർശ്ശിച്ചിട്ട് തലകുലുക്കിഅറിയിച്ചു,'ചത്തിട്ടില്ല,തമ്പേറടിക്കും പോലെ നല്ല സ്പന്ദനം,ചെലപ്പം ലേഹ്യം കൂടിപോയതായിയിരിക്കും.അതുതന്നെ മക്കളും മരുമക്കളും കൊച്ചുമക്കളും നിനച്ചു.

ഡോക്ടറവിരാച്ചനഭിപ്രായപ്പെട്ടു.പെട്ടന്ന് കോച്ചീക്കു കൊണ്ടു പോയ രക്ഷപ്പെട്ടേക്കും.അവിടെ എനിക്ക് പരിചയമുള്ള വിദഗ്നായ നല്ല ഒരു പ്രൈവറ്റ് ഡോക്റുണ്ട

",.കാശ് ഇമ്മിണി ആയാലും ആള് രക്ഷപ്പെടും.തലേ ഒരോപ്പറേഷൻ നടത്തണം.രക്തം തലേ കെട്ട ിക്കിടന്ന്,പ്രാണവായു ശരിക്ക് പ്രവർത്തിക്കാതാ ബോധക്കേടിനു കാരണം.

ഓ,ഇനിയിപ്പം അതു വേണോ എന്ന്,എൻെറപ്പൻ കീവറീച്ചനൊഴിച്ച് എല്ലാവരും ചിന്തിച്ചിരിക്കെ അപ്പൻ പറഞ്ഞു:

അതിനെന്നാ കൊണ്ടു പോണങ്കി കൊണ്ടുപോണം.എൻെറമ്മ ആയസ്സു തീരാണ്ട് മരിക്കാൻ ഞാൻ സമ്മതിക്കില്ല.

അപ്പോ എറ്റോം എളേ ചിറ്റപ്പൻ അഭിപ്രായപ്പെട്ടു.എവിടുന്നാ കാശ്,റബർഷീറ്റിനാണേ വില തീരെ ഇല്ല.അതു തന്നേമല്ലാ,എന്തിനാ ഈ മൂത്തു നരച്ചു നിക്കുന്ന അമ്മച്ചിയെ ഇനീം ഇട്ടു പീഡിപ്പിക്കുന്നെ!കീവറീച്ചായന് വയസ്സ് എൺ പത്തഞ്ചു കഴിഞ്ഞില്ലേ,എനിക്കും ,കുഞ്ഞോമ്മച്ചായനും എഴുപത്തഞ്ചിനു മേളിലുമായി.നമ്മുക്കും,സ്വസ്ഥമായി ജീവിച്ചു മരിക്കണേ കാശ് വേണം.ഇതങ്ങനയങ്ങോട്ടു പോയാ,കുഞ്ചൻ നമ്പ്യാരു പാടിയ പോലാകുമല്ലോ!

'പത്തു കോടി ജനമുണ്ട് പല്ലു പോയിട്ടൊരു വീട്ടൽ.....

കൊത്തിവെച്ച പാവ പോലെ......കാളരാഗത്തിൽ എളേ ചിറ്റപ്പൻ സർക്കാസ്റ്റിയി ഒന്നു മൂളി.

ആ മലമുകളിൽ, ഒരു കൂട്ടു കുടുംബത്തിൻെറ അവസ്സാനത്തെ കണ്ണിയിലെ കാർന്നോരായ കീവറീച്ചൻ ഒരു അന്തിമ തീരുമാനമെടുത്തു.

കൊച്ചീക്കെങ്കിൽ അങ്ങനെ!അനിയമ്മാരായ കുഞ്ഞോമ്മോക്കോ കോരക്കോ കാശില്ലേ വേണ്ട.കാനഡായിലുള്ള എൻെറ മോൻ തോമസ്സുകുട്ടി എടുത്തോളും ചെലവ്!വിവരത്തിന് ചേട്ടൻെറ മോനെ കൊണ്ട് അപ്പൻ എന്നെ വിളിപ്പിച്ച് വിവരം ധരിപ്പിച്ചു.എൺപത്തഞ്ചു കഴിഞ്ഞ എൻെറ അപ്പൻെറ ഇംഗിതത്തിനു ഞാൻ മാർഗ്ഗ തടസ്സമായില്ല.

എല്ലാം അപ്പൻെറ ഇഷ്ടം പോലെ,ചെലവെത്രാന്നു വച്ചാ അറിയിച്ചാ മതി.

മൂന്നു മക്കളുടെ അകമ്പടിയോടെ വല്ല്യമ്മയെ ആംബുലാൻസിൽ കയറ്റി,കൊച്ചീലെ ക്ലിനിക്കിലേക്ക് കൊണ്ടുപോയി,എമർജൻസി ഓപ്പറേഷൻ നടത്തി.ഒടുവി ഓപ്പറേഷൻ സക്സ്സായില്ല ,വല്ല്യവല്ല്യമ്മ ഓപ്പറേഷൻ ടേബിളേ കെടന്ന് ഇഹലോകവാസം വെടിഞ്ഞു.കുഞ്ഞോമ്മായും, കോരയും,അവരുടെ പ്രതിക്ഷേധം നേരിയ ശബ്ദത്തി വിളമ്പി:

അപ്പൊഴെ ഞങ്ങളു പറഞ്ഞതാ,ഇതു പാഴു പണിയാന്ന്!

കീവറീച്ചൻ പകരമൊന്നും പറഞ്ഞില്ല,മനസ്സിലോർത്തു:

അല്ലേലും,ഇതെൻെറ മോൻെറ കാശാ,നിനക്കൊന്നും ചേതമില്ലല്ലോ!

വിവരം എന്നെ അറിയിച്ചു.പണോമായി വേഗം എത്തണം.ക്ലിനിക്കിൽ ചെലവായത്,ബാങ്കീന്ന് ലോണെടുത്തു കൊടുത്തു,ഫ്യൂണറിലിനും നല്ല ചെലവാ ഇപ്പോ!

എൺപത്തഞ്ചു കഴിഞ്ഞ എൻെറ അപ്പൻെറ അഭിലാഷ നിർവ്വഹണത്തിന് ഞാനൊറ്റക്ക് വീട്ടിൽ എമർജൻസിയായി എത്തി.

വല്ല്യ വല്ല്യമ്മ വീട്ടിയിൽ ചിത്രപണികൾ ചെയത കയറ്റു കട്ടിലിൽ അന്തിമ നിദ്ര കൊള്ളുന്നു.തലക്കു മുകളിൽ തൂങ്ങപ്പെട്ട കുരിശു രൂപം.ചുറ്റിലും മെഴുകുതിരിക്കാലുകൾ മുനിഞ്ഞു കത്തുന്നു.വീടിനു വെളിയിൽ താഴ്ന്ന ജാതിക്കാർ 'അലമുറ',എന്ന വായ്താരി ഇടുന്നു.ഇത് പണ്ടു പണ്ടൊയിരുന്ന പതിവാണ്,ഇന്നും ഈ മലമുകളിൽ അത് നിലനിൽക്കുന്നു.വായ്താരി ഇട്ടാൽ കോടിമുണ്ടും,പണവും,ഭക്ഷണവും അവർക്കു ലഭ്യമെത്രെ!

ശവമടക്കിൻെറ തകർത്ത ആലോചന നടക്കുന്നു.പെന്നും കുരിശ്ശെടുക്കണോ, വെള്ളിക്കുരിശ്ശെടുക്കണോ എന്നൊരു കൂട്ടർ!മെത്രാച്ചനെ ക്ഷണിക്കണോ എന്നു മറ്റു കൂട്ടർ,പുലകുളി സദ്യക്കുള്ള ചട്ടവട്ടങ്ങൾക്കുള്ള ആലോചന മറ്റൊരു വശത്ത്!ഫോട്ടാക്കാര്,വീഡിയോക്കാര്,ദേഹണ്ഡക്കാര്,പാനപാട്ടുകാര് അങ്ങനെ ശവമടക്കാഘോഷത്തിൻെറ നൂലാമാലകൾ നീണ്ടു പോകുമ്പോൾ,കുഞ്ഞോമ്മാച്ചനും,കോരയും,രഹസ്യമായി പട്ടച്ചാരയമടിച്ച് അമ്മ പോയ ദു:ഖം പതം പറഞ്ഞാശ്വസിച്ചു.

അങ്ങനെയിരിക്കെ വയനാട്ടിൽ കുടിയേറിയ എളേ കാർന്നോൻ,എൻെറ അപ്പൻ കീവറീച്ചൻെറ പ്രായമുള്ള ചാണ്ടിച്ചൻ വന്ന്,എൻെറ ചെവീ മന്ത്രിച്ചു:

എടാ,തോമസ്സുകുട്ടി നിനക്കെത്രെ കാശു ചെലവായി,വല്ല്യവല്ല്യമ്മ,അമ്മുക്കുട്ടി അമ്മാമ്മ മരിച്ചേന്?

ഒും,അത് ഓപ്പറേഷന് അഞ്ചു ലക്ഷം,പിന്നിനീം ശവോടിക്കിന് എത്രയാണാവോ!

എടാ, മണ്ടാ,ഈ ഓപ്പറേഷനെന്നും പറഞ്ഞ് അമ്മാമ്മേടെ ഒർഗ്ഗൻ മുഴുവൻ ഡോക്ടറു തട്ടി കാണും.വിറ്റാ കാശ് എത്ര കിട്ടും,കോടികള്!അതുകൊണ്ട് അമ്മാമ്മേടെ ശവം ,ഡോക്ടർ കൊച്ചുകുഞ്ഞിൻെറ ആശൂത്രീലൊന്നു സ്ക്കാൻ ചെയ്തു നോക്കാം,ഇരുപത്തയ്യായിരം രൂപാ കൊടുത്താ മതി.കള്ളം വെളിച്ചത്തു വരും.എന്നിട്ട് അമ്മാമ്മെ ഓപ്പറേറ്റു ചെയ്ത ഡോക്ടറെ

പേരിലൊരു പരാതി കൊടുത്താ മതി.കട്ടവനു കഴക്കും!അയാള് കോമ്പ്രമൈസിനു വരും.ഒറപ്പിച്ചൊരു തൊക പറേണം,ഇരുപതു ലക്ഷത്തിനു സെറ്റിലാക്കാമെന്ന്!നിനക്ക് ചെലവായ അഞ്ചു ലക്ഷം കഴിച്ച്,ശവമടക്കിന് ഒരു ലക്ഷം,നാലു ലക്ഷം സൂത്രം പറഞ്ഞു തന്നതിനെനിക്ക്,ബാക്കി പത്തു ലക്ഷം നീ ഇവിടെ വന്ന യാത്രക്കൂലി,പിന്നെ ഇവിടുന്നു നിന്നും തിരികെ പോകും വരെ അടിച്ചു പൊളിച്ചു കഴിയാൻ! മനസ്സിലായോ?,ആ ഡോക്ടറെ സീരിയസ്സായി ഒന്നു ഫോൺ ചെയ്യ്,നീ ഫോറനീൽ നിന്നു വന്നതല്ലേ,അയാളു വിശ്വസിക്കും!സ്ക്കാനൊന്നും ചെയ്യാം നിക്കണ്ടാ,ചെയ്തെന്ന് കള്ളം പറഞ്ഞാ മതി. കള്ളി പുറത്തു വന്നില്ലേ ഞാം നിനക്ക് ക്ഷൗരം ചെയ്യ്തു തരാം!

കാർന്നോര് ചാണ്ടിച്ചായൻ പറഞ്ഞപോലെ,ഡോകക്റെ വിളിച്ച് ഒരു സീരിയസ്സ് ചാറ്റൽ!

ഡോകക്ടർ,ഐസ്സ് കട്ടപോലെ അലിഞ്ഞു:

ശരിയോ!,അങ്ങനെ ഒരു പതിവ് ഇവിടെ ഉണ്ട്,മരിച്ചാ പിന്നെ ഓർഗ്ഗന് ഉപയോഗമില്ലല്ലോ,അതെടുത്തു വച്ചാ ജീവിച്ചിരിക്കുന്നോർക്കുപകാരപ്പെടുമല്ലോ!

അതിന് സമ്മതി പത്രം വേണ്ടായോ,കുറഞ്ഞപക്ഷം,ആരെങ്കിലും അടുത്ത ബന്ധുക്കടെ,അല്ലങ്കി ക്രിമിനലാ!..

അതറിയാം,ആ സമ്മതിപത്രം തന്നത്,നിങ്ങടെ എളേ ചിറ്റപ്പൻ കോരയാ! ,അയാളതിനുള്ള പ്രതിഫലം മുഴുവനും പറ്റി,ഇരുപത്തഞ്ചു ലക്ഷം രൂപാ!..

എൻെറ തലകറങ്ങി,എൻെറ അപ്പൻ കീവറീച്ചനേം,ചിറ്റപ്പൻ കുഞ്ഞോമ്മയേയും, ഇതിനിടെ എൻെറ എളേ ചിറ്റപ്പൻ,കോര പറ്റിച്ചിരിക്കുന്നു,ഇന്ത്യക്കു ബ്രഹ്മ വെച്ചൻ!!